# NAVADARSAN

**Commission for Education - Archdiocese of Verapoly**
I S Press Road, Ernakulam, Kochi 682 018
Kerala, India

# Navadarsan Schilarship 2020

**പ്രിയ ബഹുമാനപ്പെട്ട ചെയർമാൻ/ കൺവീനർ**

വരാപ്പുഴ അതിരൂപതയുടെ നവദർശൻ വിദ്യാഭ്യാസ പദ്ധതിയിൽ അംഗങ്ങളായിക്കൊണ്ട് പ്ലസ് ടൂ പാസായതിനുശേഷം ഉന്നതവിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് 2020 ലേക്കുള്ള അപേക്ഷകൾ online-ൽ സമർപ്പിക്കുവാനുള്ള തിയതി ഒക്ടോബർ മാസം 1 മുതൽ 31 വരെയായിരിക്കും എന്ന് അറിയിക്കുന്നു. ഇത്തവണമുതൽ പൂർണ്ണമായും online-ൽ ആയിരിക്കും അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ട സൈറ്റ് ഒക്ടോബർ ഒന്നിന് www.navadarsan.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അതിനുശേഷം recommendation form ഡൗൺലോഡ് ചെയ്ത്, അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന applicatio I D നമ്പർ എഴുതി വികാരിയച്ചൻെറയും, ഇടവക ഭാരവാഹികളുടെയും ഒപ്പിടുവിച്ച് ഒക്ടോബർ 31-ാം തിയതി 4 മണിക്ക് മുമ്പായി നവദർശൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

നമ്മുടെ കൂട്ടായ പരിശ്രമത്തിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സ്കോളർഷിപ്പ് നൽകേണ്ടതുണ്ട്. ആയതിനാൽ താങ്കളുടെ ഇടവകയിൽനിന്നും അതിരൂപതയുടെ വിദ്യാഭ്യാസ ഫണ്ടിലേക്ക് കവർ കളക്ഷൻ വഴി സമാഹരിച്ച തുക ഇനിയും നൽകിയിട്ടില്ലെങ്കിൽ എത്രയും വേഗം ഓഫീസിൽ എത്തിക്കണമെന്ന് ഓർപ്പിക്കുന്നു. അതോടൊപ്പം വിദ്യാഭ്യാസ ഫണ്ടിലേക്ക് സംഭാവനകൾ നൽകാൻ കഴിയുന്ന വ്യക്തികളുടേയോ, സ്ഥാപനങ്ങളുടേയോ വിവരങ്ങളും അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Navadarsan Nidhi Online Deposit :** 2020 സെപ്റ്റംബർ 20 മുതൽ നവദർശൻ നിധി കളക്ഷൻ ഓൺലൈൻ വഴി ആരഭിക്കുന്നു. ഇടവകയിലെ കളക്ഷൻ ഞായറാഴ്ചകളിൽ ഏജൻറ് മുഖേന അടക്കുന്ന രീതി തുടരുമെങ്കിലും ഓൺലൈൻവഴിയും ഏതു സമയത്തും പണം അടക്കാവുന്നതാണ്. നവദർശൻ വെബ്സൈറ്റായ www. Navadarsan.org-ൽ online deposit option-ൽ ക്ലിക്ക് ചെയ്താൽ ഡെപ്പോസിറ്റ് പേജിൽ എത്തി പണം നിക്ഷേപിക്കാവുന്നതാണ്. പണം അടക്കേണ്ട രീതികൾ വിശദീകരിക്കുന്ന ഒരു Tutorial അയച്ചുതരുന്നതാണ്.

സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, സ്നേഹപൂർവ്വം

റവ. ഫാ. ആൻറണി ബിബു കാടംപറമ്പിൽ

ഡയറക്ടർ